

# AFFILIATION RULES AND REGULATIONS


## COUNCIL OF SAMASTHA WOMEN'S COLLEGES

Under Samastha Kerala Islam Matha Vidyabhyasa Board (SKIMVB)
H.O: Samasthalayam, Chelari, Thenhippalam (PO), Malappuram, Kerala
+91 7736576333 +91 7356750708 www.cswc.in mailswiac@gmail.com
Fadhila Fadheela Official samastha_fadhila_fadheela



## യോഗ്യത

അഫിലിയേഷനു വേണ്ടി അപേക്ഷിക്കുന്ന സ്ഥാപനവും മാനേജ്മെന്റും സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെയും അതിന്റെ കീഴ്ഘടകമായ സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെയും ആശയാദർശങ്ങൾ അംഗീകരിക്കുന്നവരും നിർദേശങ്ങൾ പ്രാവർത്തികമാക്കുന്നവരുമായിരിക്കേണ്ടതാണ്.

## ഉത്തരവാദിത്വങ്ങൾ

CSWC-യുടെ സിലബസ് അംഗീകരിക്കുക, നിർദ്ദിഷ്ട പാഠപുസ്തകങ്ങൾ പഠിപ്പിക്കുക, പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളും പരീക്ഷകളും കൃത്യമായി നടത്തുക, CSWC നടത്തുന്ന പ്രിൻസിപ്പൽ, മാനേജ്മെന്റ് മീറ്റിംഗുകളിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുക, ടീച്ചേർസ് വർക്ക്ഷോപ്പുകളിൽ അധ്യാപകരെ നിർബന്ധമായും പങ്കെടുപ്പിക്കുക, ആർട്സ് ഫെസ്റ്റ് പോലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ സ്ഥാപനത്തിന്റെ സാന്നിധ്യം ഉറപ്പു വരുത്തുക, CSWCയുടെ ഓഫീസിൽ നിന്നും ലഭ്യമാകുന്ന അറിയിപ്പുകൾ അനുസരിക്കുകയും കൃത്യമായി നടപ്പിൽ വരുത്തുകയും ചെയ്യുക. തുടങ്ങിയ കാര്യങ്ങൾ സ്ഥാപനങ്ങൾ നിർബന്ധിത ബാധ്യതയായി ഏറ്റെടുക്കേണ്ടതാണ്.




# ഭൗതിക സൗകര്യങ്ങളും ഭൂപരിധിയും

## ക്ലാസ് റൂം

- ചുറ്റുമതിലോടു കൂടിയ നിയമാനുസൃതമായ കെട്ടിടം.
- ഓരോ ക്ലാസ് റൂമും 20 x 20 Sq Ft വിസ്തൃതിയിൽ (ഒരു വിദ്യാർത്ഥിനിക്ക് മിനിമം 8 സ്ക്വയർ ഫീറ്റ് ) ക്രമീകരിക്കേണ്ടതാണ്.
- രണ്ട് ക്ലാസുകൾക്കിടയിൽ സ്ക്രീനുകളോ മറ്റു താത്കാലിക ഡിവൈഡറുകളോ മതിയാവുകയില്ല. മറ്റു ക്ലാസ്സുകൾക്ക് പ്രയാസങ്ങളോ മറ്റോ ഉണ്ടാവാത്ത വിധത്തിലുള്ള മറ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- ഒരു ക്ലാസ്സിൽ ചുരുങ്ങിയത് 10 കുട്ടികൾ ഉണ്ടായിരിക്കേണ്ടതാണ്, മാക്സിമം 40 വരെ ആകാം.
- ക്ലാസ് റൂമുകളിൽ മതിയായ ലൈറ്റ്, ശീതീകരണ സംവിധാനം സജ്ജീകരിക്കേതാണ്. (ചുരുങ്ങിയത് 2 ബൾബുകൾ, 2 ഫാനുകൾ, ക്ലോക്ക് എന്നിവ ഉണ്ടായിരിക്കണം).
- ഓരോ ക്ലാസ് മുറിയിലും 6 അടി വീതം നീളമുള്ള ഒരു ബെഞ്ച്, ഒരു ഡെസ്ക് എന്ന ക്രമത്തിൽ ആവിശ്യാനുസരണം സജ്ജീകരിക്കേണ്ടതാണ്.
- ഓരോ ക്ലാസ് മുറിയിലും ബ്ലാക്ക്/ഗ്രീൻ ബോർഡ്, പുസ്തകങ്ങൾ വെക്കാൻ ആവശ്യമായ ഷെൽഫുകളും അധ്യാപകർക്കുള്ള മേശ, കസേര എന്നിവയും ഉണ്ടായിരിക്കണം.




## അക്രഡിറ്റേഷൻ

CSWCയുടെ QMC (Quality Management Cell)ക്കു കീഴിൽ ഒരു അധ്യായന വർഷത്തിൽ 2 Academic Visit-കൾ നടത്തപ്പെടുന്നതാണ്.. Acadmic നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, രേഖകൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥാപനങ്ങൾക്ക് ഗ്രേഡേഷൻ നൽകുന്നതാണ്. CSWC നൽകുന്ന നിർബന്ധിത സേവനങ്ങൾ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന് പുറമെ ഓപ്ഷണലായി നൽകുന്ന പ്രവർത്തനങ്ങളിലെ പങ്ക്, മീറ്റിംഗുകളിലെ പങ്കാളിത്തം, വെബ്സൈറ്റ് അപ്ഡേഷൻ, പഠന-പഠനാനുബന്ധ പ്രവർത്തന മികവുകൾ എന്നിവയും അക്രഡിറ്റേഷനുവേണ്ടി പരിഗണിക്കുന്നതാണ്. അഫിലിയേഷന് ശേഷം ആദ്യ തവണ നടത്തുന്ന വിസിറ്റിംഗ് സ്ഥാപനം ചെലവ് വഹിക്കേണ്ടതില്ല, എന്നാൽ ഉന്നത ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് നിർദേശിക്കപ്പെട്ട പോരായ്മകൾ പരിഹരിച്ച ശേഷം ഗ്രേഡിൽ മാറ്റം വരുത്തുന്നതിനായി വീണ്ടും പരിശോധന നടത്തുന്ന പക്ഷം ചിലവുകൾ സ്ഥാപനം വഹിക്കേണ്ടതാണ്.

ആദ്യ പരിശോധനയിൽ തന്നെ നിർദേശിക്കപ്പെട്ട പോരായ്കൾ നിശ്ചിത സമയത്തിനകം പരിഹരിക്കേതാണ്. അല്ലാത്ത പക്ഷം സ്ഥാപനത്തിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യാൻ CSWC നിർബന്ധിതരാവുന്നതാണ്.




# സേവനങ്ങളും സാമ്പത്തിക ബാധ്യതകളും

## CSWC ഓഫീസ് വിഭാവനം ചെയ്യുന്ന സേവനങ്ങൾ:

**അധ്യാപകർക്കുള്ള വർക്ക്ഷോപ്പുകൾ, Accreditationനു വേണ്ടിയുള്ള അക്കാദമിക് ഇൻസ്പെക്ഷൻ, CSWC സെമസ്റ്റർ പരീക്ഷകൾ, ഹയർ സെക്കണ്ടറി മോഡൽ പരീക്ഷകൾ, ഫളീല കോൺവക്കേഷൻ, ആർട്സ് ഫെസ്റ്റ്, അക്കാദമിക് കോൺക്ലേവ്, പഠന ക്യാമ്പുകൾ, അക്കാദമിക് ഇൻസ്പെക്ഷൻ, ഓഫീസ് റിക്കാർഡുകൾ, രെജിസ്റ്ററുകൾ, പാഠ പുസ്തകങ്ങൾ, സിലബസ്, സർട്ടിഫിക്കറ്റുകൾ**

## സാമ്പത്തിക ബാധ്യതകൾ:

- അഡ്മിഷൻ ഫീ, ഫെസ്റ്റ് എന്നീ ഇനങ്ങളിൽ ഒരു ഫാളില വിദ്യാർത്ഥിനിക്ക് 600 രൂപവീതവും ഫളീല വിദ്യാർത്ഥിനിക്ക് 750 രൂപവീതവും അഡ്മിഷൻ സമയത്ത് ഓഫീസിൽ അടക്കേണ്ടതാണ്.
- എക്സാം ഫീ പരീക്ഷക്ക് രെജിസ്റ്റർ ചെയ്യുന്ന സമയത്ത് അടക്കേതാണ്.
- ക്യാമ്പുകൾ പോലെയുള്ള പ്രത്യേക പ്രോഗ്രാമുകൾക്ക് അതതു സമയങ്ങളിൽ ആവശ്യാനുസരണം മാത്രമുള്ള ഫീ ഈടാക്കുന്നതാണ്.

## നെയിം ബോർഡ്




മുകളിൽ നൽകപ്പെട്ടതുപോലെ ഏകീകൃത നെയിം ബോർഡ് ശ്രദ്ധേയമായ വിധത്തിൽ കോളേജുകളിൽ സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത ബോർഡ് 6x4 അടിയിൽ കുറയാത്തതായിരിക്കണം ബോർഡിന്റെ ഫയൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

## നടപടിക്രമങ്ങൾ

അഫിലിയേഷനു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി www.cswc.in എന്ന വെബ്സൈറ്റിൽ കാണുന്ന റെജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുകയും തുടർന്ന് അപ്ലിക്കേഷൻ ഫീയായ 500 രൂപ സൈറ്റ് മുഖേന അടക്കേണ്ടതും ലഭ്യമാകുന്ന ഫോം പ്രിന്റെടുത്ത് സൂക്ഷിച്ചു വെക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിച്ച് രണ്ടാഴ്ച്ചക്കകം CSWCയുടെ കൗൺസിൽ മെമ്പർമാർ അടങ്ങിയ ഔദ്യോഗിക സംഘം സ്ഥാപനം പരിശോധനക്കെത്തുന്നതാണ്.

നേരത്തെ പ്രിന്റ് എടുത്തുവെച്ച അപേക്ഷ ഫോം സ്ഥാപനഭാരവാഹികളുടെ ഒപ്പും സീലും രേഖപ്പെടുത്തിയ ശേഷം പരിശോധന സംഘത്തെ ഏൽപ്പി ക്കേണ്ടതാണ്. പരിശോധകർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ CSWC അഫിലിയേഷൻ സമിതി അനുയോജ്യമായ തീരുമാനമെടുത്ത് ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. അപേക്ഷ അംഗീകരിച്ചതായി ഓഫീസിൽ നിന്നും വിവരം ലഭിക്കുന്ന പക്ഷം കാലതാമസം കൂടാതെ അഫിലിയേഷൻ ഫീയായ 3000 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിന്റെ റസിപ്റ്റ് ഓഫീസിലേക്ക് അയക്കേണ്ടതുമാണ്. പ്രസ്തുത സ്ഥാപനത്തിന് താൽകാലിക അടിസ്ഥാനത്തിൽ CSWCയുടെ അഫലിയേഷൻ സർട്ടിഫിക്കേറ്റ് നൽകപ്പെടുന്നതാണ്. തുടർന്ന് എല്ലാ വർഷവും സ്ഥാപന അഫിലിയേഷൻ പുതുക്കേണ്ടതാണ്.

- അഫ്ലിയേഷൻ ഫീ : 500
- ഇൻസ്റ്റിറ്റ്യൂഷണൽ വെബ്സൈറ്റ് ഫീ : 320



# ലൈബ്രറി

- **CSWC** ഓഫീസ് നിർദേശിക്കുന്ന പുസ്തകങ്ങൾ ഉൾപ്പെടുത്തിയ വിപുലമായ ലൈബ്രറി സജ്ജീകരിക്കേതാണ്.
- പുസ്തകങ്ങൾ ഭംഗിയായി ക്രമീകരിച്ച് വെക്കാൻ ആവശ്യമായ ഷെൽഫ്, ആവശ്യാനുസരണമുള്ള ഇലക്ട്രിക് സൗകര്യങ്ങൾ, ഇരിപ്പിടങ്ങൾ, പീരിയോഡിക്കൽസ് ഡിസ്പ്ലേ സ്റ്റാന്റ്, കാറ്റലോഗ്, Check out & Return സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.
- ലൈബ്രറിയിൽ ഉണ്ടായിരിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് ഓഫീസിൽ നിന്ന് ലഭ്യമാക്കുന്നതാണ്.

## ഓഫീസ്

- ആവശ്യമായ ഫർണിച്ചറുകൾ : ഓഫീസ് ടേബിൾ, ഷെൽഫ്, കസേരകൾ, സന്ദർശകർക്ക് ഇരിപ്പിടങ്ങൾ, ഫയലുകൾ സ്വീകരിക്കാനുള്ള ഷെൽഫുകൾ, കോളേജ് ഡീറ്റയ്ൽസ് രേഖപ്പെടുത്തിയ ബോർഡ്.
- ഉപകരണങ്ങൾ : കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഇന്റർനെറ്റ് കണക്ഷൻ, മറ്റ് ഓഫീസ് ഉപയോഗ വസ്തുക്കൾ.
- ഫയലുകൾ : Account Book, Student's File, Admission File, Staff File, Examination File, General File, etc.
- രജിസ്റ്ററുകൾ : സ്റ്റുഡന്റ് അഡ്മിഷൻ രജിസ്റ്റർ, പ്യൂപിൽ അറ്റൻഡൻസ് രജിസ്റ്റർ, ടീച്ചേഴ്സ് അറ്റൻഡൻസ് രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, മെഡിക്കൽ രജിസ്റ്റർ, സ്റ്റുഡന്റ്സ് മൂവ്മെന്റ് രജിസ്റ്റർ, ലീവ് രജിസ്റ്റർ, അസംബ്ലി ഡയറി, സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ, മെമ്മോ ബുക്ക്, സീൽ, ലെറ്റർപാഡ്, നോട്ടീസ് ബോർഡ്, തുടങ്ങിയവ

## സ്റ്റാഫ് റൂം

- സ്റ്റാഫ് റൂമിൽ അധ്യാപകരുടെ ആനുപാതികമായി മേശ, കസേര, ഷെൽഫ് എന്നിവ ഉണ്ടായിരിക്കണം.
- അധ്യാപകർക്കും അധ്യാപികമാർക്കും വെവ്വേറെ സ്റ്റാഫ് റൂമുകൾ സജ്ജീകരിക്കണം.

## കമ്പ്യൂട്ടർ ലാബ്

- 10 കുട്ടികൾക്ക് ഒന്ന് എന്ന തോതിൽ കമ്പ്യൂട്ടറുകളും അതിനാവശ്യമായ ഫർണിച്ചർ സൗകര്യങ്ങളും ഉൾപ്പെടുത്തണം.
- വിദ്യാർഥിനികൾക്ക് പ്രയോജകമായ ആപ്പുകളും സോഫ്റ്റ് വയറുകളും സിസ്റ്റങ്ങളിൽ ഇൻസ്റ്റാൾ ചെയ്തുവെക്കുക.
- നിയന്ത്രിതമായ ഇന്റർനെറ്റ് സൗകര്യം ഏർപ്പടുത്തേണ്ടതാണ്.

## ഓഡിറ്റോറിയം

- കോളേജിലെ പൊതുപരിപാടികൾ സംഘടിപ്പിക്കാൻ കഴിയുന്ന വിധത്തിൽ മുഴുവൻ വിദ്യാർഥിനികൾക്കും ഒന്നിച്ചിരിക്കാനുള്ള ഓഡിറ്റോറിയം സൗകര്യപ്പെടുത്തണം.





## നിസ്കാര ഹാൾ

മുഴുവൻ വിദ്യാർത്ഥിനികൾക്കും ഒന്നിച്ചോ, രണ്ടു തവണയായോ നിസ്കരിക്കാൻ സൗകര്യപ്രദമായ നിസ്കാര ഹാൾ സംവിധാനിക്കണം, പുരുഷന്മാർ നിസ്കരിക്കുന്നവരെ ദർശിക്കാൻ സാധ്യമാവാത്ത വിധത്തിലായിരിക്കണം ഹാൾ ക്രമീകരിക്കേണ്ടത്. വുളു എടുക്കാനുള്ള സൗകര്യം പ്രത്യേകം സജ്ജമാക്കണം (മൂത്രപ്പുര, കക്കൂസ് മതിയാവുന്നതല്ല). വിദ്യാർത്ഥിനികളുടെ എണ്ണത്തിനു ആനുപാതികമായി വാട്ടർടാപ്പുകളും സ്ഥലവും ക്രമീകരിക്കണം.

## യൂണിഫോം

ഫാളില, ഫളീല വിദ്യാർത്ഥികൾക്ക് CSWC നിർദേശിക്കുന്ന യൂണിഫോം നടപ്പിൽ വരുത്തണം.

## അഫിലിയേഷൻ പുതുക്കൽ

CSWC അഫിലിയേറ്റ് ചെയ്ത മുഴുവൻ സ്ഥാപനങ്ങളും ഓരോ അധ്യായന വർഷത്തിന്റെയും ആദ്യവാരത്തിൽ ഓഫീസ് നിർദേശിക്കുന്ന തിയ്യതിക്ക് മുമ്പ് നിശ്ചിത പുതുക്കൽ ഫീ അടച്ച് അഫിലിയേഷൻ പുതുക്കേതാണ്.

---


مجلس كليات سمستا للبنات
COUNCIL OF SAMASTHA WOMEN'S COLLEGES
Head Office : Samasthalayam, Chelari

cswc.in എന്ന വെബ്സൈറ്റ് മുഖേന അഫ്ലിയേഷന് അപേക്ഷിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
+91 7736576333, +91 73567 50708

Scan for Affiliation